**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 664** **09-08-2023 - ൽ മറുപടിയ്ക്ക്**

**എ ഐ ക്യാമറകൾ സ്ഥാപിക്കുന്ന കരാറിൽ അട്ടിമറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ ഐ ക്യാമറകൾ സ്ഥാപിക്കുന്ന കരാറിൽ അട്ടിമറി നടക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിച്ച് അൽഹിന്ദ് എന്ന സ്ഥാപനം വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തെഴുതിയിരുന്നോ; | (എ) | ഇല്ല.<br><br>എന്നാൽ സേഫ് കേരളാ പദ്ധതിയുടെ ഭാഗമായി എസ്. ആർ. ഐ. ടി. യുമായുള്ള സബ്കോൺട്രാക്ടിൽ നിന്നും അൽഹിന്ദ് ഗ്രൂപ്പ് പിൻമാറി-യതിനാൽ അൽഹിന്ദ് ഗ്രൂപ്പ് സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകിയ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന അഭ്യർത്ഥനയുമായാണ് അൽഹിന്ദ് ഗ്രൂപ്പ് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരുന്നത്. ഈ വിഷയത്തിൽ സർക്കാർ കെൽട്രോണിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചതിൻ പ്രകാരം അൽഹിന്ദ് ഗ്രൂപ്പിന് സബ് - കോൺട്രാക്ട് നൽകിയത് എസ്.ആർ.ഐ.ടി. ആയതിനാൽ പ്രസ്തുത സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകേണ്ടത് എസ്.ആർ.ഐ.ടി. ആണെന്ന വിവരം അറിയിച്ചുകൊണ്ട് ഒരു മറുപടി അൽഹിന്ദ് ഗ്രൂപ്പിന് നൽകുകയുണ്ടായി. എ ഐ ക്യാമറ സ്ഥാപിക്കുന്ന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച മുന്നറിയിപ്പുകളൊന്നും വ്യവസായ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകൾ വിശദമാക്കാമോ; | (ബി) | ഇല്ല.<br><br>എന്നാൽ സേഫ് കേരളാ പദ്ധതിയുടെ ഭാഗമായി എസ്. ആർ. ഐ. ടി. യുമായുള്ള സബ്കോൺട്രാക്ടിൽ നിന്നും അൽഹിന്ദ് ഗ്രൂപ്പ് പിൻമാറി-യതിനാൽ അൽഹിന്ദ് ഗ്രൂപ്പ് സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകിയ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന അഭ്യർത്ഥനയുമായാണ് |

| | | | |
|---|---|---|---|
| | | | **അൽഹിന്ദ് ഗ്രൂപ്പ് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരുന്നത്. ഈ വിഷയത്തിൽ സർക്കാർ കെൽട്രോണിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചതിൻ പ്രകാരം അൽഹിന്ദ് ഗ്രൂപ്പിന് സബ് - കോൺട്രാക്ട് നൽകിയത് എസ്.ആർ.ഐ.ടി. ആയതിനാൽ പ്രസ്തുത സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകേണ്ടത് എസ്.ആർ.ഐ.ടി. ആണെന്ന വിവരം അറിയിച്ചുകൊണ്ട് ഒരു മറുപടി അൽഹിന്ദ് ഗ്രൂപ്പിന് നൽകുകയുണ്ടായി. എ ഐ ക്യാമറ സ്ഥാപിക്കുന്ന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച മുന്നറിയിപ്പുകളൊന്നും വ്യവസായ വകുപ്പിൽ ലഭിച്ചിട്ടില്ല.** |
| (സി) | എ ഐ ക്യാമറ സ്ഥാപിക്കുന്ന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച മുന്നറിയിപ്പ് ലഭിച്ചിട്ടും പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്താൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | **ഇല്ല.**<br><br>**എന്നാൽ സേഫ് കേരളാ പദ്ധതിയുടെ ഭാഗമായി എസ്. ആർ. ഐ. ടി. യുമായുള്ള സബ്കോൺട്രാക്ടിൽ നിന്നും അൽഹിന്ദ് ഗ്രൂപ്പ് പിൻമാറി-യതിനാൽ അൽഹിന്ദ് ഗ്രൂപ്പ് സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകിയ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന അഭ്യർത്ഥനയുമായാണ് അൽഹിന്ദ് ഗ്രൂപ്പ് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരുന്നത്. ഈ വിഷയത്തിൽ സർക്കാർ കെൽട്രോണിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചതിൻ പ്രകാരം അൽഹിന്ദ് ഗ്രൂപ്പിന് സബ് - കോൺട്രാക്ട് നൽകിയത് എസ്.ആർ.ഐ.ടി. ആയതിനാൽ പ്രസ്തുത സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകേണ്ടത് എസ്.ആർ.ഐ.ടി. ആണെന്ന വിവരം അറിയിച്ചുകൊണ്ട് ഒരു മറുപടി അൽഹിന്ദ് ഗ്രൂപ്പിന് നൽകുകയുണ്ടായി. എ ഐ ക്യാമറ സ്ഥാപിക്കുന്ന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച മുന്നറിയിപ്പുകളൊന്നും വ്യവസായ വകുപ്പിൽ ലഭിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ